"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്-കോഴിക്കോട് ബീച്ചിലെ കാർ പാർക്കിംഗ് ഏരിയ സംരക്ഷിക്കുന്നതിന് കോൺക്രീറ്റ് തൂണുകൾ നിർമ്മിക്കുന്നത് ഭരണാനുമതി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.890/2024/F&P തീയതി,തിരുവനന്തപുരം, 17-12-2024

---

പരാമർശം:- കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 06/12/2024 തീയതിയിലെ HOKMB-TVM/139/2024-D2(Tech) നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ബീച്ചിൽ കാർ പാർക്കിംഗ് ഏരിയ സംരക്ഷിക്കുന്നതിന് കോൺക്രീറ്റ് തൂണുകൾ സ്ഥാപിക്കുന്നതിന് ഓഫറുകൾ ലഭ്യമാക്കിയത് പ്രകാരം ടി പ്രവൃത്തിക്കായി രണ്ട് ഇഞ്ച് പൈപ്പിൽ കോൺക്രീറ്റ് നിറച്ച് തൂണുകൾ സ്ഥാപിക്കുന്നതിന് ഒരു പോസ്റ്റിന് ഏറ്റവും കുറഞ്ഞ തുകയായ 1100/- രൂപ വാഗ്ദാനം ചെയ്ത ശ്രീ. പീതാംബരൻ എ എന്നയാളുടെ ഓഫർ അംഗീകരിച്ച് ഇരുപത് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ 22,000/- രൂപ അനുവദിച്ചു നൽകണമെന്ന് തുറമുഖ ഓഫീസർ, കോഴിക്കോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയതിനാൽ കോഴിക്കോട് ബീച്ചിലെ കാർ പാർക്കിംഗ് ഏരിയ സംരക്ഷിക്കുന്നതിന് കോൺക്രീറ്റ് തൂണുകൾ നിർമ്മിക്കുന്ന പ്രവൃത്തിക്കായി ഭരണാനുമതിയും 22,000/- രൂപയുടെ ഫണ്ടും "5051-02-200-74- Development of Beypore & Kozhikode Port" എന്ന ശീർഷകത്തിൽ തുറമുഖ ഓഫീസർ, കോഴിക്കോടിന് അനുവദിക്കണമെന്നും കേരള മാരിടൈംബോർഡ് സി.ഇ.ഒ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ബീച്ചിലെ കാർ പാർക്കിംഗ് ഏരിയ സംരക്ഷിക്കുന്നതിന് കോൺക്രീറ്റ് തൂണുകൾ നിർമ്മിക്കുന്ന പ്രവൃത്തിക്കായി 22,000/- (ഇരുപത്തിരണ്ടായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി "5051-02-200-74- Development of Beypore & Kozhikode Port " എന്ന ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU V K
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P Y Usha
Date: 18-12-2024 11:20:50

സെക്ഷൻ ഓഫീസർ